"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവെ നമ്പർ 269/14പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി, മാനുഷിക പരിഗണന നല്കി, 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച്, ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ പതിച്ച് നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.161/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ കളക്ടറുടെ 02/09/2023-ലെ DCKSGD/8896/2022/C3- നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22/11/2023 -ലെ LR/9961/2023-LR(J10) നമ്പർ കത്ത്.
3. ശ്രീ രതീഷിന്റെ പിതാവ് കുമാരൻ 08/10/2025-ൽ നല്കിയ മൊഴി.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവെ നം.269/14 പാർട്ടിൽ പെട്ട 0.0405 ഹെക്ടർ (10 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷ്, മാതാവായ ശ്രീമതി കൗസല്യ എന്നിവരുടെ പേരിൽ പതിച്ച് നല്കുന്നതിനായി പരാമർശം (1) പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മിഷണർ മുഖാന്തിരം സമർപ്പിച്ചിരുന്നു. ടി സർവെ നമ്പരിൽപ്പെട്ട 0.0243 ഹെക്ടർ ഭൂമി (6 സെന്റ്) പതിച്ച് നല്കുന്നതിന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ ശിപാർശ ചെയ്തിരുന്നു.

2) ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം അപേക്ഷകൻ സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനാണ്; കൂടാതെ അവിവാഹിതനുമാണ്. ടിയാന്റെ പിതാവ് കുമാരന്റെ പേരിൽ ബേഡഡുക്ക വില്ലേജിൽ റീ.സ.നം 272/പാർട്ടിൽപ്പെട്ട 09 സെന്റ് ഭൂമി ഉള്ളതാണ്. ടി ഭൂമിയിൽ വീട് വച്ചാണ് കുടുംബസമേതം താമസിച്ച് വരുന്നത്. പ്രസ്തുത ഭൂമി ചെങ്കുത്തായതും അപേക്ഷകന്റെ മുച്ചക്ര വാഹനത്തിന് സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ട് ഉള്ളതുമാണ്. ഈ കാരണത്താൽ ആണ് സൗകര്യപ്രദമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനായി 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നത്. സ്കെച്ച് പ്രകാരം അപേക്ഷയ്ക്കാസ്പദമായ വസ്തുവിനോട് ചേർന്ന് റോഡ് സ്ഥിതി ചെയ്യുന്നുണ്ട്.

3) അശരണരും ആലംബഹീനരും ശാരീരിക വെല്ലുവിളി നേരിടുന്നവരും മാനുഷിക പരിഗണനയ്ക്ക് അർഹരാണ്. സെറിബ്രൽ പാൾസി വളരെയധികം സഹാനുഭൂതിയോടെ കൈകാര്യം ചെയ്യേണ്ട അവസ്ഥയാണ്. സെറിബ്രൽ പാൾസി ഒരു വ്യക്തിയുടെ ചലനശേഷി, ശരീരബാലൻസ്, ഭാവങ്ങൾ എന്നിവയെ ബാധിക്കുന്ന ഒരുകൂട്ടം വൈകല്യങ്ങളാണ്. പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ഈ അവസ്ഥയിലുള്ള രോഗിക്ക് സ്വാഭാവിക അവസ്ഥയിൽ ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക മാത്രമാണ് പോംവഴി. അപേക്ഷകന്റെ അച്ഛന്റെ പേരിൽ 9 സെന്റ് ഭൂമി ഉണ്ടെങ്കിലും ടി ഭൂമി ചെങ്കുത്തായതിനാൽ അപേക്ഷകന്റെ മുച്ചക്ര വാഹനത്തിന് സഞ്ചരിക്കാൻ കഴിയില്ല. ചെങ്കുത്തായ ഭൂമി നിരപ്പാക്കുക എന്നത് പ്രായോഗികമല്ല. ടിയാൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനാവശ്യമായ ഭൂമി നല്കുക എന്നത് മാത്രമാണ് പ്രായോഗികമായിട്ടുള്ളതും അപേക്ഷകന് ഉപകാരപ്രദവുമായ മാർഗം. കൂടാതെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ Rule 7-മായി ബന്ധപ്പെട്ട Case Law-യിൽ Possession of another piece of land is no ground to refuse the grant of Patta എന്ന് പരാമർശിച്ചിട്ടുമുണ്ട്.

3) ശ്രീ.രതീഷിന്റെ പിതാവിന് ബേഡഡുക്ക വില്ലേജിലെ സർവ്വെ നമ്പർ 272/3 പാർട്ടിൽ 3.64 ആർ ഭൂമിയുള്ളതും ആയതിൽ വീടും തെങ്ങ്, മാവ് തുടങ്ങിയ ദേഹണ്ഡങ്ങൾ ഉള്ളതുമാണ് എന്നും ടി കുടുംബത്തിന് ഉപജീവനമാർഗ്ഗത്തിനുള്ള വരുമാനം ടി ഭൂമിയിൽ നിന്നാണ് ലഭിക്കുന്നതെന്നും, കൂടാതെ ബേഡഡുക്ക ഫാർമേഴ്സ് ബാങ്കിൽ രണ്ട് ലക്ഷം രൂപ കട ബാധ്യതയുള്ളതിനാൽ അപേക്ഷകന്റെ പിതാവിന് ടി ഭൂമി വിട്ടൊഴിയാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ടി ഭൂമി റോഡ് സൗകര്യമില്ലാത്തതും ചെങ്കുത്തായതാണെന്നും, ഭിന്നശേഷിക്കാരനായ മകന് ടി ഭൂമിയിൽ എത്തിപ്പെടാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും അപേക്ഷകനായ ശ്രീ.രതീഷിന്റെ പിതാവ് പരാമർശം (3) പ്രകാരം മൊഴി നല്കിയിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവെ നമ്പർ 269/14പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി, മാനുഷിക പരിഗണന നല്കി, 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ പതിച്ച് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
രതീഷ്.കെ/ ശ്രീമതി. കൗസല്യ, ബെദിര ചെറുവത്തൂർ ഹൗസ്, കുണ്ടംകുഴി(പി.ഒ), ബേഡഡ്ക വില്ലേജ്, കാസർഗോഡ്.
തഹസിൽദാർ, കാസർഗോഡ്
ധനകാര്യ വകുപ്പ് (11/07/2024-ലെ ഇ-2660272/വ്യയം-ഡി3/6/2024-ധന പ്രകാരം)

നിയമ വകുപ്പ് (05/03/2026 ലെ OPN-G2/36/2026-LAW പ്രകാരം)
പൊതു ഭരണ (എസ്.സി)വകുപ്പ് ( 14/03/2026-ലെ ഇനം നം 3983 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് .
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Kumari Sindhu S
Date: 15-03-2026 15:38:44
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യു സെക്രട്ടറിയുടെ പി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-03-2026**

ഫയൽ നം. എം3/177/2023/റവ. ഇനം നം: 3983

വിഷയം : റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവ്വേ നമ്പർ 269/14 പാർട്ടിൽപ്പെട്ട 0.0243 ഹെക്ടർ ഭൂമി (6 സെന്റ്) ശ്രീമതി. കൗസല്യ, മകനും അംഗപരിമിതനുമായ ശ്രീ. രതീഷ് എന്നിവരുടെ പേരിൽ പതിച്ചു നൽകുന്നതിന് അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

3983

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/177/2023/റവ |
| 2. | വകുപ്പ് | റവന്യൂ (എം) വകുപ്പ് |
| 3. | വിഷയം | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നം.269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ ഭൂമി (6 സെന്റ്) ശ്രീമതി കൗസല്യ, മകനും അംഗപരിമിതനുമായ ശ്രീ രതീഷ് എന്നിവരുടെ പേരിൽ പതിച്ച് നല്കുന്നതിന് അനുമതി - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.06.2025 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>(നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം.ജി രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നം.269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ ഭൂമി (6 സെന്റ്) ശ്രീമതി കൗസല്യ, മകനും അംഗപരിമിതനുമായ ശ്രീ രതീഷ് എന്നിവരുടെ പേരിൽ പതിച്ച് നല്കുന്ന വിഷയം സംബന്ധിച്ച കുറിപ്പാണിത്.

2) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നം.269/14 പാർട്ടിൽ പെട്ട 0.0405 ഹെക്ടർ ഭൂമി (10 സെന്റ്) സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷ്, മാതാവായ ശ്രീമതി കൗസല്യ എന്നിവരുടെ പേരിൽ പതിച്ച് നല്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മിഷണർ മുഖാന്തിരം ശിപാർശ സമർപ്പിച്ചിരുന്നു. ലാൻഡ് റവന്യൂ കമ്മിഷണർ ടി സർവേ നമ്പരിൽപ്പെട്ട 0.0243 ഹെക്ടർ ഭൂമി (6 സെന്റ്) പതിച്ച് നല്കുന്നതിനാണ് ശിപാർശ ചെയ്തത്. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി മാനുഷിക പരിഗണന നല്കി ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, പൊതുതാത്പര്യം മുൻനിർത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പതിച്ച് നല്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

3) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

' Administrative Department is asked to examine whether the proposal would come under the ambit of the Right of persons with Disabilities Act 2016'

4) സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനാണ് അപേക്ഷകൻ; കൂടാതെ അവിവാഹിതനുമാണ്. ടിയാന്റെ പിതാവ് കുമാരന്റെ പേരിൽ ബേഡഡുക്ക വില്ലേജിൽ റീ.സ.നം 272/പാർട്ടിൽപ്പെട്ട 09 സെന്റ് ഭൂമി ഉള്ളതാണ്. ടി ഭൂമിയിൽ വീട് വച്ചാണ് കുടുംബസമേതം താമസിച്ച് വരുന്നത്. പ്രസ്തുത ഭൂമി ചെങ്കുത്തായതും അപേക്ഷകന്റെ മുച്ചക്ര വാഹനത്തിന് സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ട് ഉള്ളതുമാണ്. ഈ കാരണത്താൽ ആണ് സൗകര്യപ്രദമായ സ്ഥലത്തു വീട് വയ്ക്കുന്നതിനായി 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നത്. സ്കെച്ച് പ്രകാരം അപേക്ഷയ്ക്കാസ്പദമായ വസ്തുവിനോട് ചേർന്ന് റോഡ് സ്ഥിതി ചെയ്യുന്നുണ്ട്.

The Right to Persons with Disabilities Act, 2016 പരിശോധിച്ചതിൽ നിന്നും പ്രസ്തുത ആക്ടിലെ സെക്ഷൻ 41(1)(c)ൽ ചുവടെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നു:

"The appropriate Government shall take suitable measures to provide,— accessible roads to address mobility necessary for persons with disabilities."

ഈ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകന് അർഹത ഉള്ളതായി കണക്കാക്കാവുന്നതാണ്.

5) ടി സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി, മാനുഷിക പരിഗണന നല്കി ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് പതിച്ച് നല്കുന്ന വിഷയം പരിഗണിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് ഫയൽ അനുകൂല അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു.

6) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :-

"The Right to Persons with Disabilities Act, 2016 സെക്ഷൻ 41(1)(c)-ൽ ഭൂമി അംഗപരിമിതരായ വ്യക്തിയുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുന്നതിനായി ഭൂമി പതിച്ച് നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ശ്രീ രതീഷ് സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനാണെങ്കിലും ടിയാന്റെ പിതാവ് കുമാരന്റെ പേരിൽ ബേഡഡുക്ക വില്ലേജിൽ റീ.സനം.272/പാർട്ടിൽപ്പെട്ട 09 സെന്റ് ഭൂമി ഉള്ളതാണ്. മാത്രമല്ല പതിച്ച് നല്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമി അപേക്ഷകരുടെ കൈവശം ഉള്ളതല്ല. നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകൻ ഭൂമി പതിവിന് അർഹനല്ല. ഇത്തരമൊരു സാഹചര്യത്തിൽ മാനുഷിക പരിഗണന നല്കി സർക്കാർ ഭൂമി പതിച്ച് നല്കുന്നത് ഒരു തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും. അതിനാൽ സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി മാനുഷിക പരിഗണന നല്കി ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 ലെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഭൂമി പതിച്ച് നല്കുന്നതിനോട് ധനവകുപ്പിന് യോജിപ്പില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ശ്രീ രതീഷ് നിലവിൽ വസിക്കുന്ന ഭൂമിയിലേക്ക് ടിയാന്റെ മുച്ചക്ര വാഹനത്തിന് സഞ്ചരിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലെങ്കിൽ സർക്കാരിന്റെ മറ്റ് ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി ടിയാന്റെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന്

ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കാനും ഭരണവകുപ്പിനെ അറിയിക്കുന്നു. "

7) അശരണരും ആലംബഹീനരും ശാരീരിക വെല്ലുവിളി നേരിടുന്നവരും മാനുഷിക പരിഗണനയ്ക്ക് അർഹരാണ്. സെറിബ്രൽ പാൾസി വളരെയധികം സഹാനുഭൂതിയോടെ കൈകാര്യം ചെയ്യേണ്ട അവസ്ഥയാണ്. സെറിബ്രൽ പാൾസി ഒരു വ്യക്തിയുടെ ചലനശേഷി, ശരീരബാലൻസ്, ഭാവങ്ങൾ എന്നിവയെ ബാധിക്കുന്ന ഒരുകൂട്ടം വൈകല്യങ്ങളാണ്. പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ഈ അവസ്ഥയിലുള്ള രോഗിക്ക് സ്വാഭാവിക അവസ്ഥയിൽ ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക മാത്രമാണ് പോംവഴി. അപേക്ഷകന്റെ അച്ഛന്റെ പേരിൽ 9 സെന്റ് ഭൂമി ഉണ്ടെങ്കിലും ടി ഭൂമി ചെങ്കുത്തായതിനാൽ അപേക്ഷകന്റെ മുച്ചക്ര വാഹനത്തിന് സഞ്ചരിക്കാൻ കഴിയില്ല. ചെങ്കുത്തായ ഭൂമി നിരപ്പാക്കുക എന്നത് പ്രായോഗികമല്ല. ടിയാൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനാവശ്യമായ ഭൂമി നല്കുക എന്നത് മാത്രമാണ് പ്രായോഗികമായിട്ടുള്ളതും അപേക്ഷകന് ഉപകാരപ്രദവുമായ മാർഗം. കൂടാതെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ Rule 7-മായി ബന്ധപ്പെട്ട Case Law-യിൽ Possession of another piece of land is no ground to refuse the grant of Patta എന്ന് പരാമർശിച്ചിട്ടുമുണ്ട്.

8) മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് മാനുഷിക പരിഗണന നല്കി, സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ പതിച്ച് നല്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി .

9) തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ "ഇതൊരു കീഴ്വഴക്കമാക്കുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന ബാദ്ധ്യത താങ്ങാവുന്നതിലുമധികമായേക്കാം. അപേക്ഷകന്റെ പിതാവിന്റെ പേരിലുള്ള ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയുന്നതിന് പകരമായി അതേ വിസ്തൃതിയിൽ യാത്രാ സൗകര്യമുള്ള ഭൂമി അനുവദിക്കുന്ന കാര്യം കൂടി തീരുമാനിക്കേണ്ട വിഷയത്തിൽ രണ്ടാമത് ഓപ്ഷനായി ഉൾപ്പെടുത്തി കരട് കുറിപ്പ് ഭേദഗതി വരുത്തി

സമർപ്പിക്കേണ്ടതാണ്." എന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

10) തുടർന്ന്, തീരുമാനിക്കേണ്ട വിഷയത്തിൽ താഴെപ്പറയുന്ന ഓപ്ഷനുകൾ ഉൾപ്പെടുത്തി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി കുറിപ്പുകൾ സമർപ്പിച്ചിരുന്നു.

1. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി, മാനുഷിക പരിഗണന നല്കി, 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ പതിച്ച് നൽകാവുന്നതാണോ?

അതോ

2. അപേക്ഷകന്റെ പിതാവിന്റെ പേരിലുള്ള ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയുന്നതിന് പകരമായി അതേ വിസ്തൃതിയിൽ യാത്രാ സൗകര്യമുള്ള ഭൂമി അനുവദിക്കാവുന്നതാണോ?

11) 'ശ്രീ.രതീഷിന്റെ പിതാവിന്റെ പേരിലുള്ള ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയുന്നതിന് പകരമായി കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി, മാനുഷിക പരിഗണന നല്കി, 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ പതിച്ച് നല്കാവുന്നതാണ് ' എന്നാണ് 16.04.2025-ലെ ഇനം. നം. 2856 -ാം നമ്പർ പ്രകാരം മന്ത്രിസഭാ യോഗം തീരുമാനിച്ചത്.

12) ശ്രീ. രതീഷിന്റെ പിതാവ് ജീവിച്ചിരിപ്പുണ്ട്, ടിയാന്റെ അവകാശിയായി ഭാര്യയും രതീഷിനെക്കൂടാതെ ഒരു മകളുമുണ്ട് എന്ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ കാണുകയുണ്ടായി. ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി ഭൂമി പതിച്ചു നൽകുന്നതിനു പകരമായി പിതാവിന്റെ പേരിലുള്ള ഭൂമി വിട്ടൊഴിയുന്നതിനു ടി കുടുംബത്തിനു സമ്മതമാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. ടി കാര്യം കൂടി പരിശോധിച്ച ശേഷം മാത്രം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ മതിയാകുമോ

എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. റവന്യൂ വകുപ്പ മന്ത്രിക്കു ചംക്രമണം ചെയ്തിരുന്നു.

13) പിതാവിന്റെ ഉടമസ്ഥതയിലുള്ള 9 സെന്റ് ഭൂമിയിൽ നിൽക്കുന്ന വീട്ടിലാണ് കുടുംബം താമസിച്ചു വരുന്നതെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു എന്നതും, ടി 9 സെന്റും വീടും വിട്ടൊഴിയേണ്ടത് പിതാവാണ് എന്നതും ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ സാഹചര്യത്തിൽ ജില്ലാ കളക്ടർ ശുപാർശ ചെയ്ത പ്രകാരം വഴി സൗകര്യമുള്ള 6 സെന്റ് ഭൂമി അപേക്ഷകന് സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ചു പതിച്ചു നൽകാൻ തീരുമാനിക്കാവുന്നതാണ് എന്ന ശിപാർശയോടെ, ഫയൽ ബഹു. റവന്യു വകുപ്പ് മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി. തുടർന്ന്, ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

14) ആയതിന്റെ അടിസ്ഥാനത്തിൽ കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചിരുന്നു.

"ശ്രീ രതീഷിന്റെ പിതാവിന്റെ പേരിലുള്ള ഭൂമി വിട്ടൊഴിയുന്നതിലുള്ള പിതാവിന്റെ അഭിപ്രായം പരിശോധിക്കേണ്ടതാണ്. ആയതു കൂടി ഉൾപ്പെടുത്തി മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് സമർപ്പിക്കുക"

15) ശ്രീമതി. കൗസല്യ എന്നവരുടെ ഭർത്താവിന് ബേഡഡുക്ക വില്ലേജിലെ സർവ്വെ നമ്പർ 272/3 പാർട്ടിൽ 3.64 ആർ ഭൂമിയുള്ളതും ആയതിൽ വീടും തെങ്ങ്, മാവ് തുടങ്ങിയ ദേഹണ്ഡങ്ങൾ ഉള്ളതുമാണ്. ടി കുടുംബത്തിന് ഉപജീവനമാർഗ്ഗത്തിനുള്ള വരുമാനം ടി ഭൂമിയിൽ നിന്നുള്ളതാണ്. കൂടാതെ ബേഡഡുക്ക ഫാർമേഴ്സ് ബാങ്കിൽ രണ്ട് ലക്ഷം രൂപ കട ബാധ്യതയുള്ളതിനാൽ അപേക്ഷകന്റെ പിതാവിന് ടി ഭൂമി വിട്ടൊഴിയാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ടി ഭൂമി റോഡ് സൗകര്യമില്ലാത്തതും ചെങ്കുത്തായതാണെന്നും, ഭിന്നശേഷിക്കാരനായ അവരുടെ മകന് ടി ഭൂമിയിൽ എത്തിപ്പെടാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും അപേക്ഷകന്റെ പിതാവ് അറിയിച്ചിട്ടുള്ളതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

16) ആയതിന്റെ അടിസ്ഥാനത്തിൽ കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചിരുന്നു.

"നിയമ വകുപ്പിന്റെ അഭിപ്രായം തേടുക. തീരുമാനമെടുക്കേണ്ട വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നാണ് തീരുമാനമെടുക്കേണ്ടത് എന്ന് കൂടി ചേർക്കേണ്ടതാണ് ".

17) ടി വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

"കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി മാനുഷിക പരിഗണന നല്കി ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 ലെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് , പൊതുതാത്പര്യം മുൻനിർത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പതിച്ച് നല്കുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഫയൽ നൽകിയിരിക്കുന്നത്.

സെറിബ്രൽ പാൾസി ബാധിച്ച രതീഷ് എന്ന യുവാവ് താമസിച്ചു വരുന്ന അദ്ദേഹത്തിന്റെ പിതാവിന്റെ പേരിലുള്ള ചെങ്കുത്തായ സ്ഥലത്തുള്ള ഭൂമിയിലേക്ക് ടിയാന്റെ മുച്ചക്ര വാഹനം കയറാൻ ബുദ്ധിമുട്ട് ആയതിനാൽ ബേഡഡുക്ക വില്ലേജിലെ 6 സെന്റ് ഭൂമി വീട് നിർമിക്കുന്ന ആവശ്യത്തിന് പതിച്ചു നൽകാൻ ജില്ലാ കളക്ടർ ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 16.4.25 ൽ കൂടിയ മന്ത്രി സഭായോഗം ടിയാന്റെ പിതാവിന്റെ പേരിലുള്ള ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയുന്നതിനു പകരമായി അതെ വിസ്തൃതിയിൽ ഭൂമി അനുവദിക്കാൻ തീരുമാനിച്ചിരുന്നു. ശ്രീ രതീഷിന്റെ പിതാവിന്റെ പേരിലുള്ള ഭൂമി വിട്ടൊഴിയുന്നതിലുള്ള പിതാവിന്റെ അഭിപ്രായം ആരായാൻ ആവശ്യപ്പെടുകയുണ്ടായി. ബേഡഡുക്ക ഫാർമേഴ്സ് ബാങ്കിൽ രണ്ട് ലക്ഷം രൂപ കട ബാധ്യതയുള്ളതിനാൽ അപേക്ഷകന്റെ പിതാവിന് ടി ഭൂമി വിട്ടൊഴിയാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ടി ഭൂമി റോഡ് സൗകര്യമില്ലാത്തതും ചെങ്കുത്തായതാണെന്നും, ഭിന്നശേഷിക്കാരനായ അവരുടെ മകന് ടി ഭൂമിയിൽ എത്തിപ്പെടാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും അപേക്ഷകന്റെപിതാവ് അറിയിച്ചിട്ടുള്ളതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 ലെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, പൊതുതാത്പര്യം മുൻനിർത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പതിച്ച് നല്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും The Right to Persons with Disabilities Act, 2016 സെക്ഷൻ 41(1)(c)-ൽ ഭൂമി അംഗപരിമിതരായ വ്യക്തിയുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുന്നതിനായി ഭൂമി പതിച്ച് നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല എന്നും നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകൻ ഭൂമി പതിവിന് അർഹനല്ല. ഇത്തരമൊരു സാഹചര്യത്തിൽ മാനുഷിക പരിഗണന നല്കി സർക്കാർ ഭൂമി പതിച്ച് നല്കുന്നത് ഒരു തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും.അതിനാൽ സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി മാനുഷിക പരിഗണന നല്കി ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24-ലെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഭൂമി പതിച്ച് നല്കുന്നതിനോട് ധനവകുപ്പിന് യോജിപ്പില്ല എന്നും അറിയിക്കുകയുണ്ടായി.

2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 41(1) (സി) പ്രകാരം സമുചിത സർക്കാർ ഭിന്നശേഷിക്കാർക്ക് റോഡ് അക്സ്സസ് നൽകുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് നിലവിൽ താമസിക്കുന്ന വീട് ചെങ്കുത്തായ ഭൂപ്രദേശത്തായതിനാൽ മുച്ചക്ര വാഹനം സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ടുള്ളതാണ് എന്ന് ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ് എന്ന് ഫയലിൽ കാണുന്നു.

1964-ലെ കേരള ഭൂമി പതിച്ചു നല്കൽ ചട്ടത്തിലെ ചട്ടം-5(2)-ൽ ഒരു കുടുംബത്തിന് സ്വന്തമായി ഭൂമി കൈവശം ഉണ്ടെങ്കിൽ ഉപചട്ടം (1) പ്രകാരം അനുവദനീയമായ പരിധി നികത്താൻ ആവശ്യമായ സർക്കാർ ഭൂമിയുടെ ബാക്കി മാത്രമേ അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം ശ്രീ രതീഷിന്, ഭൂമി പതിവ് ചട്ടം 7(2)(V) പ്രകാരം കുടുംബ വാർഷിക വരുമാനം 30,000 രൂപയിൽ കവിയാത്തവരും, ഉടമസ്ഥാവകാശത്തിലോ അല്ലെങ്കിൽ കൈവശം വച്ചിരിക്കുന്നതോ ആയ ഭൂമിയുടെ ആകെ വിസ്തീർണ്ണം ഈ നിയമങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പരിധിയേക്കാൾ കുറവുള്ളവരുമായ വ്യക്തികൾക്ക് നല്കുന്നതിനായി മുൻഗണനാ ക്രമം പാലിച്ച്കൊണ്ട് പതിച്ചു നല്കുന്നതിനുള്ള ഉചിത തീരുമാനം ഭരണ വകുപ്പിന് കൈക്കൊള്ളാവുന്നതാണ്. എന്നാൽ, ഭരണവകുപ്പിന്റെ ഫയലിൽ ടി കുടുംബത്തിന്റെ വാർഷിക വരുമാനം 38,000/- രൂപയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്ആയത് ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്. ഈ കാരണത്താൽ ആണ് 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ശിപാർശ സമർപ്പിച്ചിരിക്കുന്നത് എന്നും ഭരണവകുപ്പ് ഫയലിൽ രേഖപ്പെടുത്തിയിരുന്നു. ടി ചട്ടങ്ങളിലെ ചട്ടം 24-ൽ, ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് പൊതുതാൽപ്പര്യാർത്ഥം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് കാണുന്നപക്ഷം ഈ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പരിഗണിക്കാതെയും അതിനു ചുമത്താവുന്ന ഏതെങ്കിലും വ്യവസ്ഥകൾ ചുമത്തികൊണ്ടും ഭൂമി പതിച്ചു നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ബഹു ഹൈക്കോടതിയുടെ VINCY CHERIAN & others v/s THE DISTRICT COLLECTOR & others( WP(C) NO. 26327 OF 2021) കേസിലെ 14/02/2025 തീയതിയിലെ വിധിന്യായത്തിൽ " 21In Hidayathulla [2021 (6) KHC 129] this Court followed the law laid down by the Division Bench in Varkey Abraham [2007 (3) KHC 365] that various provisions in the Kerala Government Land Assignment Act and the Kerala Land Assignment Rules would unmistakably show that the Act and the Rules are intended to protect landless people by assigning to them government lands for cultivation and other purposes.........We are of the view that the Act and Rules are not intended for enriching persons who hold extensive lands. Assignment on Registry of Government lands to such persons would defeat the very purpose of the Act and Rules. There is no vested right in any person to claim assignment on registry of Government land." എന്ന് നിരീക്ഷിച്ചിട്ടുള്ളതാണ്. കൂടാതെ, NSS Karayogam No 1300, Mundapally and Others v/s State of Kerala and Others 2020(5) KHC 181 എന്ന

കേസിൽ "Rule 4 to 7 , which prescribes nature of public purpose and modalities to be followed in land assignment, need not be adhered to while Government is invoking its power under Rule 24 for assigning land in public interest.......If power exercised by Government is not abusive and does not carry malice or bad faith,it would satisfy the test of public interest " എന്ന് നിരീക്ഷിച്ചിട്ടുള്ളതാണ്.

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകൻ, ഭൂമി പതിവിന് അർഹനല്ല. എന്നാൽ സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി മാനുഷിക പരിഗണന നല്കി ഭൂമി പതിച്ചു നല്കാൻ ഭരണ വകുപ്പ് തീരുമാനിക്കുന്നപക്ഷം കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 ലെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, പൊതുതാത്പര്യം മുൻനിർത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പതിച്ച് നല്കുന്നതിന്മേൽ ഭരണ വകുപ്പിന് ഉചിത തീരുമാനം കൈകൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു."

18) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകൻ, ഭൂമി പതിവിന് അർഹനല്ല. എന്നാൽ സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി മാനുഷിക പരിഗണന നല്കി ഭൂമി പതിച്ചു നല്കാൻ ഭരണ വകുപ്പ് തീരുമാനിക്കുന്നപക്ഷം കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 ലെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, പൊതുതാത്പര്യം മുൻനിർത്തി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പതിച്ച് നല്കുന്നതിന്മേൽ ഭരണ വകുപ്പിന് ഉചിത തീരുമാനം കൈകൊള്ളാവുന്നതാണ് എന്നാണ് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത്.

19) ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ സർവേ നമ്പർ 269/14 പാർട്ടിൽ പെട്ട 0.0243 ഹെക്ടർ (6 സെന്റ്) ഭൂമി സെറിബ്രൽ പാൾസി മൂലം 60% അംഗപരിമിതനായ ശ്രീ രതീഷിന് വീട് നിർമ്മിക്കുന്നതിനായി, മാനുഷിക പരിഗണന നല്കി, 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെയും മാതാവ് കൗസല്യയുടെയും പേരിൽ പതിച്ച് നൽകാവുന്നതാണോ?